# പതിനാലാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ **208**

**04.06.2018** ൽ മറുപടിക്ക്

## പൊതുമേഖലാ സ്ഥാപനങ്ങളിലെ ഐ.പി.എസ്. ഉദ്യോഗസ്ഥർ

**ചോദ്യം:**
**ശ്രീ. ടി.വി.ഇബ്രാഹിം**

**ഉത്തരം :**
**പിണറായി വിജയൻ**
**മുഖ്യമന്ത്രി**

| ചോദ്യം | ഉത്തരം |
| --- | --- |
| (എ) ആഭ്യന്തര വകുപ്പിലുള്ള ഐ.പി.എസ്. ഉദ്യോഗസ്ഥർ പൊതുമേഖലാ സ്ഥാപനങ്ങളിൽ മേധാവികളായി നിയോഗിക്കപ്പെടുമ്പോൾ മാതൃവകുപ്പിൽ ഉപയോഗിച്ച് വന്നിരുന്ന യൂണിഫോം, ഔദ്യോഗിക വാഹനത്തിലെ സൗകര്യങ്ങൾ മുതലായവ തുടർന്ന് ഉപയോഗിക്കുന്നതിന് അധികാരം നൽകുന്നുണ്ടോ; ഉണ്ടെങ്കിൽ അതിനാധാരമായ സർക്കുലറിന്റെയോ ഉത്തരവിന്റെയോ പകർപ്പ് നൽകുമോ; | (എ) ഐ.പി.എസ്. ഉദ്യോഗസ്ഥർ പൊതുമേഖലാ സ്ഥാപനങ്ങളിൽ മേധാവികളായി നിയോഗിക്കപ്പെടുമ്പോൾ മാതൃവകുപ്പിൽ ഉപയോഗിച്ചിരുന്ന യൂണിഫോം, ഔദ്യോഗിക വാഹനത്തിലെ ചിഹ്നം, ബോർഡ് എന്നീ സൗകര്യങ്ങൾ ഉപയോഗിക്കുന്നത് സംബന്ധിച്ച വ്യവസ്ഥകൾ നിഷ്കർഷിച്ചുകൊണ്ടുള്ള ഉത്തരവുകളോ, സർക്കുലറുകളോ നിലവിലില്ല. |
| (ബി) ഇല്ലെങ്കിൽ ഇത്തരം കാര്യങ്ങളിൽ നടപടി നടത്തുന്നതിന് ഏതെങ്കിലും അധികാരിക്ക് നിയമത്തിൽ ഇളവ് അനുവദിച്ചിട്ടുണ്ടോ; | (ബി)&(സി) ഇല്ല. |
| (സി) എങ്കിൽ ഏതൊക്കെ ഉദ്യോഗസ്ഥർക്കെന്നും എത്ര കാലത്തേക്കെന്നും ഏതിന്റെ അടിസ്ഥാനത്തിലാണെന്നും അറിയിക്കുമോ; നിയമത്തിൽ ഇളവ് നൽകിയ ഉത്തരവിന്റെ പകർപ്പ് നൽകുമോ; | |

(ഡി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം, ഇത്തരത്തിൽ നിയോഗിക്കപ്പെട്ട എത്രപേർ ഏതൊക്കെ പൊതുമേഖലാ സ്ഥാപനങ്ങളിൽ ജോലി നോക്കി വരുന്നു എന്ന് വ്യക്തമാക്കുമോ?

(ഡി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പൊതുമേഖലാ സ്ഥാപനങ്ങളുടെ മേധാവികളായി നിയോഗിക്കപ്പെട്ട മൂന്ന് ഐ.പി.എസ്. ഉദ്യോഗസ്ഥരുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഉദ്യോഗസ്ഥന്റെ പേര് | തസ്തിക |
|---|---|---|
| 1 | ശ്രീ.എൻ.ശങ്കർ റെഡ്ഡി ഐ.പി.എസ്. | ചെയർമാൻ & മാനേജിംഗ് ഡയറക്ടർ, കേരളാ പോലീസ് ഹൗസിംഗ് കൺസ്ട്രക്ഷൻ കോർപ്പറേഷൻ ലിമിറ്റഡ് |
| 2 | ശ്രീ.ടോമിൻ ജെ.തച്ചങ്കരി ഐ.പി.എസ്. | ചെയർമാൻ & മാനേജിംഗ് ഡയറക്ടർ. കേരളാ സ്റ്റേറ്റ് റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷൻ (അധിക ചുമതല) |
| 3 | ശ്രീ.കാർത്തിക്.കെ ഐ.പി.എസ്. | മാനേജിംഗ് ഡയറക്ടർ, കേരള ബുക്സ് & പബ്ലിക്കേഷൻ സൊസൈറ്റി (അധിക ചുമതല) |

സെക്ഷൻ ഓഫീസർ